# പൂവിൽ നിന്ന് കായിലേയ്ക്ക്

**കെ.ജി. പൗലോസ്**

ആമുഖമില്ലാതെ മലയാളിക്ക് പരിചിതനാണ് ശ്രീധരൻ മറ്റക്കുഴി. കാവ്യസന്ധ്യകളും ആനുകാലികങ്ങളും അദ്ദേഹത്തിന്റെ കവനകൗതുകം വിരിഞ്ഞ് സുഗന്ധം പരത്തുന്നത് നാം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഇതിനകം രണ്ട് കാവ്യസമാഹാരങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്-ഞാനും ചെണ്ടയും (1991) അത്ഭുതവിളക്ക് (2011). ബാലസാഹിത്യവിഭാഗത്തിൽപെടുന്നു, രണ്ടും. മുതിർന്നവർ കുട്ടികൾക്ക് വേണ്ടി എഴുതുമ്പോൾ അവർക്ക് കുട്ടികളുടെ മനസ്സുണ്ടാകണം. എങ്കിലേ വിജയിക്കാൻ കഴിയൂ. ഭാഗ്യവശാൽ, ദീർഘകാലത്തെ അദ്ധ്യാപന ജീവിതത്തിലെ അനുഭവങ്ങൾ കുട്ടികളുടെ മനസ്സിനെ അടുത്തറിയാൻ അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അതാണ് ആ ബാലകവിതകളുടെ വിജയത്തിന് നിദാനം.

ബാലമനസ്സുകൾ അഭിനരമിക്കുന്നതധികവും ശബ്ദഭംഗിയിലാണ്. അക്ഷരത്തിന്റെ, പദത്തിന്റെ ഹൃദ്യമായ ആവർത്തനം കുഞ്ഞുങ്ങളുടെ കാത് കുളിർപ്പിക്കും; ഒപ്പമതിന്റെ താളം മനസ്സിലലകളുയർത്തും.

പത്തു തത്തയൊത്തുചേർന്നു
പൊത്തൊരെണ്ണം തീർത്തു
പൊത്തിലെല്ലാത്തത്തകളും
ഒത്തുചേർന്നു വാണു.

അർത്ഥമറിയണമെന്നു തന്നെയില്ല. ചെഞ്ചുണ്ടുകളിൽ തത്തിക്കളിക്കുമീ കിളിക്കൊഞ്ചലുകൾ. അതിനപ്പുറത്തേക്ക് കടക്കുന്നവയുണ്ട്. ഒരു മൂല്യബോധം മനസ്സിൽ അവശേഷിപ്പിക്കുന്നവ. പലതരം വിഭാഗീയതകളെ മറികടന്ന് ഒരുമയുടെ മഹത്ത്വം വെളിപ്പെടുത്തുന്ന, മാനവികതയുടെ മഹാസന്ദേശം തുളുമ്പുന്ന കവിതകൾ.

ഞങ്ങൾ തുഴയും വഞ്ചിയിതാ
എന്നും കുന്നും മുന്നോട്ട്
ഞങ്ങൾക്കില്ലാ മതമില്ല
മാനുഷരല്ലോ നാമെല്ലാം
ഒരൊറ്റശബ്ദം ഞങ്ങൾക്ക്
മനുഷ്യരെല്ലാമൊന്നാണ്

ഇളം മനസ്സുകളിൽ ഈ കുറുംകവിതകൾ മഹത്തായൊരു മൂല്യബോധം ഉണർത്തുന്നു.

അടുത്തകാലത്ത് പല അവസരങ്ങളിലായി അദ്ദേഹം രചിച്ച കവിതകളാണ് ഈ സമാഹാരത്തിലുള്ളത്. രൂപത്തിലും ഭാവത്തിലും ആദ്യകവിതകളിൽ നിന്ന് ഏറെ ഭേദമുണ്ട് ഇവയ്ക്ക്. ആദ്യസമാഹാരങ്ങളിലെ കവിതകളെപ്പോലെ ഈണത്തിൽ ചൊല്ലാവുന്ന ഒരു കവിതയേ ഈക്കൂട്ടത്തിലുള്ളൂ-ഒരു "നാടൻ പാട്ട്". പാടത്ത് പണിയെടുക്കുന്നവന്റെ സംഘഗാനമാണിത്.

ഏനെന്റെ പൊന്നേ വെളുപ്പാങ്കാലത്ത്
പാടത്ത് ചക്രം ചവിട്ടുമ്പോൾ

എന്നു തുടങ്ങുന്ന ഈരടികളുടെ ശൈലിയും ഭാവവും, മറഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്ന കാർഷികസംസ്കൃതിയുടെ ഈണങ്ങളെ കാതിലേക്കാനയിക്കുന്നു. എന്നാൽ മറ്റ് കവിതകളുടെ ഭാവപരിസരം വ്യത്യസ്തമാണ്. ഗ്രന്ഥനാമവും കവിതകളുടെ ശീർഷകങ്ങളും മാറ്റത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു-ഭീഷ്മപർവ്വം, മാ നിഷാദ, ജ്ഞാനപർവ്വം, ഭൂമിഗീതം എന്നിങ്ങനെ. മുതിർന്നവർ ഗൗരവപൂർവ്വം ഉൾക്കൊള്ളേണ്ടതാണ് ഇതിന്റെ ഉള്ളടക്കം എന്ന് കവി കരുതുന്നു. അതുകൊണ്ട് തന്നെ സമകാലിക ജീവിതത്തിലെ ഒട്ടേറെ സമസ്യകളിലേക്ക് കവി നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു, ഈ പുതു രചനകളിൽ മാതൃഭാഷയുടെ ഹൃദ്യത, ഓണത്തിന്റെ പൂവിളികൾ, പ്രകൃതിയോടുള്ള കരുതൽ തുടങ്ങി നാം ശ്രദ്ധിക്കേണ്ട അനവധി വിഷയങ്ങളിലേക്ക് കവി നമ്മെ കൂട്ടിക്കൊണ്ടുപോവുന്നു പലപ്പോഴും നിശിതങ്ങളായ ചോദ്യശരങ്ങൾ എയ്യുന്നു. ഒരു ചോദ്യം ശ്രദ്ധിക്കുക.

ഇവിടെയൊരു തിരശ്ശീല വീഴുമ്പോളോർക്കണം
ലോകശാന്തിക്കായ് തലകൊയ്ത് മാറ്റണോ?

മലയാളിയുടെ പ്രാക്തനബിംബമാണ് അമ്മസങ്കൽപം. അമ്മയ്ക്ക് രണ്ടു മുഖമുണ്ട്. ഉഗ്രമായ കാളി, ചിരിച്ചോമനിക്കുന്ന കൂളി. വിളപ്പെടുവിന്റെ കഠിനാദ്ധ്വാനത്തിന് ശേഷം പഞ്ചവർണ്ണപ്പൊടികൾകൊണ്ട് കള

ത്തിൽ അമ്മയെ എഴുതി അതിലേക്ക് ആ ശക്തിസ്വരൂപിണിയെ ആഘോഷത്തോടെ ആനയിക്കുന്നു മക്കൾ. കോമരത്തെ മുൻനിർത്തി മക്കളോടമ്മ സംസാരിക്കുന്നു. അവരുടെ പരാതികൾ കേൾക്കുന്നു, തുടർന്നവരിൽ കരുണചൊരിയുന്നു. ഇനിയാണ് ദാരികന്റെ പുറപ്പാട്. അസുരനാണവൻ, അതിശക്തൻ, മക്കളെ ഉപദ്രവിക്കുന്നോൻ. അമ്മയ്ക്ക് കോപം വന്നു, രുദ്രകാളിയായി അവനെ എതിരിട്ടു. രാവേറെച്ചെന്നിട്ടും ദാരികന്റെ കലി അടങ്ങിയില്ല. രാത്രി മുഴുവൻ യുദ്ധം തുടർന്നു. പുലർച്ചേ കിഴക്ക് ചോരച്ചെമപ്പ് പടരവേ അമ്മ അവന്റെ കഴുത്തറുത്തു. ചോരചീറ്റി. മലയാളിയുടെ അബോധമനസ്സിൽ ആണ്ടുറങ്ങിക്കിടക്കുന്നതാണ് കാളി-ദാരികയുദ്ധവും പോർവിളികളും തലയറുക്കലും മറ്റും. വർഷം തോറും മുടിയേറ്റ് കണ്ട് നാം ഓർമ്മ പുതുക്കുന്നു. വാത്സല്യം ചൊരിയുന്ന അമ്മയുടെ രൗദ്രത്തിലേക്കുള്ള മാറ്റം. ശാന്തിമന്ത്രം ഉരുവിടുന്നവരാണ് നമ്മൾ, സമാധാനമാണ് നമ്മുടെ ലക്ഷ്യം ആ നമുക്ക് ഹിംസയെ മനസ്സിൽ നിന്ന് പിഴുത് മാറ്റിക്കൂടേ? പരസ്പരം പോരടിക്കാൻ മത്സരിച്ച് ആയുധങ്ങൾ സംഭരിക്കുകയാണ് ലോകരാഷ്ട്രങ്ങൾ.എത്ര പ്രസക്തമാണ് കവിയുടെ ചോദ്യം-'ലോകശാന്തിക്കായ് തല കൊയ്തു മാറ്റണോ?'

കേരളീയനായ ശക്തിഭദ്രകവി രചിച്ച സംസ്കൃതനാടകമാണ് ആശ്ചര്യചൂഡാമണി. രാമായണമാണ് കഥ. ഭാസൻ, കാളിദാസൻ, ശൂദ്രകൻ തുടങ്ങിയവരുടെ നാടകങ്ങൾ രൂപം കൊണ്ടത് ഉത്തരേന്ത്യയിലായിരുന്നല്ലോ. സംസ്കൃതത്തിന് അന്നിവിടെ പ്രചാരം കുറവായിരുന്നു. അതുകൊണ്ട്, തെക്ക് ദിക്കിൽ നിന്നൊരു നാടകം' എന്ന് കേട്ടപ്പോൾ ശ്രോതാക്കൾ ഞെട്ടി. 'തെക്ക് നിന്ന് നാടകമോ, മണൽ പിഴിഞ്ഞെണ്ണയോ'? എന്ന് അമ്പരന്നു, സൂത്രധാരൻ! രാമായണകഥയ്ക്ക് പുതുമകൾ ചേർത്താണ് ശക്തിഭദ്രൻ പുതിയ നാടകം രചിച്ചത്. ശൃംഗാരമോ വീരമോ ആയിരിക്കണം നാടകത്തിൽ മുഖ്യരസം എന്നാണ് നിയമം. ആ മാമൂൽ നിരസിച്ച് അത്ഭുതം നിറച്ചു ശക്തിഭദ്രൻ, തന്റെ നാടകത്തിൽ. ആദികവിയുടെ സങ്കൽപത്തിലെത്താത്ത ചൂഡാമണി എന്ന ശിരോരത്നത്തെയും സൃഷ്ടിച്ചു കേരളകവി. അവിടെയുമവസാനിച്ചില്ല. പരീക്ഷണങ്ങൾ. സീതാപഹരണം സ്വാഭാവികമാക്കാൻ മായാസീതാങ്കം എന്നൊരു പുതിയ രംഗം സൃഷ്ടിച്ചു. രാവണനും സോദരിയും സൂതനും വേഷം മാറി വന്നാണ് സീതയെ അപഹരിക്കുന്നത്. രാവണൻ രാമനായി, ശൂർപ്പണഖ സീത, സൂതൻ ലക്ഷ്മണനനും സീതയെ പൂർണ്ണമായി വിശ്വാസത്തിലെടുത്താണ് മായാരാമനും മായാലക്ഷമണനും അവളെ തേരിലേറ്റുന്നത്. വാനിൽ ഉയർന്നു കഴിഞ്ഞാണ്, ചതിക്കപ്പെട്ടെന്ന് സീത തിരിച്ചറിയുന്നത്. മാന്ത്രികമായ ഈ രൂപമാറ്റത്തെയാണ് മായാജാലം എന്ന കവിതയിൽ കവി ആവിഷ്കരിക്കുന്നത്. ദുഷ്ടതയുടെ മൂർത്തിമദ്ഭാവമായ രാവണൻ രാമനായി മാറുന്നു സീതയായി മാറുവാൻ ശൂർപ്പണഖയ്ക്ക് അവസരം ലഭിക്കുന്നു. കവനവൈഭവത്തിനുമപ്പുറം തിന്മയെ നൻമയാക്കി മാറ്റാനുള്ള കവിഭാവനയ്ക്കാണ് ഇവിടെ അഭിനന്ദനം അർപ്പിക്കുന്നത്. ആശ്ചര്യചൂഡാമണി സംസ്കൃത നാടകാഭിനയത്തിന്റെ കേരളീയ മാതൃകയായ കൂടിയാട്ടം ആശ്രയിക്കുന്ന മുഖ്യ നാടകമാണ്. മുടിയേറ്റ് അനുഷ്ഠാന-നാടോടി പാരമ്പര്യങ്ങളുടെ സ്രോതസ്സാണ്. ശൈലീകൃതവും നാടോടിയുമായ ഈ രണ്ടു ദൃശ്യപാരമ്പര്യങ്ങളും രൂപപ്പെടുത്തിയ മലയാളിയുടെ മനോമണ്ഡലത്തിൽ സാർത്ഥകമായി ഇടപെടുകയാണ് ഈ കവിതകളിലൂടെ കവി ചെയ്യുന്നത്.

അനുകമ്പയാരിലും ചൊരിയുന്ന മർത്യനെ
കവിയായറിയണം ആദരിച്ചിടണം.

ഈ ഭാവത്തിന്റെ ആവിഷ്കരണം ഈ സമാഹരത്തിലെ പല കവിതകളിലും തെളിഞ്ഞു കാണാം. 'മാ നിഷാദ' ക്ക് പലതരത്തിലുള്ള വ്യാഖ്യാനങ്ങൾ നമുക്കിവിടെ കിട്ടുന്നുണ്ട്. ഇണക്കിളികളിലൊന്നിനെ അമ്പെയ്ത് വേർപിരിച്ച കാട്ടാളനാണ് നിഷാദൻ. 'മാ' അരുത് എന്നാണ് കവി അവനോട് പറയുന്നത്. 'അരുത് കാട്ടാളാ അരുത്' എന്ന നിഷേധമാണാ കവിതയുടെ ആദ്യത്തെ രൂപം. അധർമ്മം കാണുന്നിടത്തെല്ലാം കരമുയർത്തി കവികളതിനെ തടഞ്ഞിട്ടുണ്ട്. നേരിൽ അമ്പുമായി പാഞ്ഞ് കൃഷ്ണമൃഗത്തെ ഉന്നംവെച്ച രാജാവിനോട് കാളിദാസൻ പറഞ്ഞതിതാണ്-'ആശ്രമമൃഗമാണ്, കൊല്ലരുതേ, കൊല്ലരുത്' പ്രകൃതിയെ പിളർത്തുന്നവർക്കും ബാധകമാണ് ഈ നിഷേധം മുനിയുടെ ശോകമാണ് ശ്ലോകമായി മാറിയത്. ശോകം വികാരമാണ്, വിചാരമല്ല, വിങ്ങിപ്പൊട്ടുന്ന ദുഃഖം അനീതിക്കെതിരെ വിരൽ ചൂണ്ടുന്നു. രോഷത്തോടെ കവി വിളിച്ചു പറയുന്നു-'അരുത്' അണപൊട്ടിയൊഴുകുന്ന വികാരം, നീതിചിന്ത, അരുതെന്ന നിഷേധം-ഇവ മൂന്നും ചേർന്നതാണ് കവിത. വികാരത്തെ വിചാരത്തിലൂടെ വിമലീകരിക്കണം എന്നു മാത്രം. അരുതെന്ന് കാട്ടാളനെ തടഞ്ഞശേഷം കവി ചിന്തിച്ചു-ശോകാർത്തനായി ഞാൻ എന്താണ് പറഞ്ഞത്? മുനിയുടെ അബോധത്തിൽ നിന്നുതിർന്നുവീണ വാക്കുകൾ ശിഷ്യൻ ആവർത്തിച്ചു.'പാദബദ്ധവും അക്ഷരസമവും തന്ത്രീലയസമന്വിതവുമായി ആവിഷ്കൃതമായ എന്റെ ശോകം ശ്ലോകമാകട്ടെ' 'മാനിഷാദ' യുടെ അർത്ഥമിതാണ്.

മാ നിഷാദയ്ക്കുള്ള മാന്ത്രികശക്തിയാ
ണിന്നീ യുഗത്തിന്റെ ആത്മശക്തി

ഈ മാന്ത്രികദണ്ഡ് കവി ഉപയോഗിക്കുന്നത് കാട്ടാളനെതിരെ മാത്രമല്ല കാടത്തം കാണിക്കുന്ന എല്ലാവർക്കുമെതിരെയാണ്. കാടിനെ വെട്ടി കോൺക്രീറ്റ് മൂടുന്നതാണ് ഏറ്റവും നീചമായ കാടത്തം. അവർക്കെതിരെ രോഷം പതഞ്ഞൊഴുകുന്ന ഭൂമിഗീതങ്ങളനേകമുണ്ട് ഈ സമാഹാരത്തിൽ. ഭൂമിയെ സംരക്ഷിക്കുന്നതും നിലനിർത്തുന്നതും പ്രകൃതി ഒരുക്കിയ കവചമാണ്. ഇടതൂർന്ന വൃക്ഷങ്ങൾ, പടരുന്ന വള്ളികൾ പറക്കുന്ന പക്ഷികൾ, ഒഴുകുന്ന പുഴകൾ, ഓമനത്തിങ്കൾ എല്ലാം പ്രകൃതിയുടെ വരദാനങ്ങളാണ്. മനുഷ്യന്റെ അതിരില്ലാത്ത ദുര ഇവയൊക്കെ നശിപ്പിക്കുന്നു. ഈ ദുരവസ്ഥയിൽ മലരണിഞ്ഞ കാടുകൾ മരണമടയുന്നു. നീർത്തടങ്ങൾ നിരന്നു പോകുന്നു. ആറടിമണ്ണിനുമാത്രമുടമയായവൻ ഈരേഴുലോകങ്ങളുമളക്കാൻ കാലുയർത്തുന്നു. മനുഷ്യന്റെ ഈ ദുര അവസാനിക്കാതെ ശാന്തിമന്ത്രങ്ങളിവിടെ ഉതിരില്ല

ഭൂമി മരിക്കാൻ കൂട്ടുനിൽക്കുന്നവർ
ക്കെന്തിനാണോർക്കണം കുമ്പസാരം?

കാര്യങ്ങളിങ്ങനെയൊക്കെ ആണെങ്കിലും കവിക്ക് പ്രതീക്ഷയുണ്ട്. മനുഷ്യന്റെ നന്മയിൽ വിശ്വാസമുണ്ട്. ആ നന്മ നമ്മെ രക്ഷിക്കും. അങ്ങകലെ ഇരുൾക്കുഴലിനറ്റത്ത് ഒരു തരി വെട്ടം തിളങ്ങുന്നു-മാനവികതയുടെ, സ്നേഹത്തിന്റെ, നാമൊന്നെന്ന ഉദാത്തബോധത്തിന്റെ വെളിച്ചം. അതിനെ ലക്ഷ്യമാക്കിയാണ് കവി നീങ്ങുന്നത്. 'പ്രയാണം' എന്ന കവിത മൽകുന്ന ഉദാത്തമായ ലക്ഷ്യബോധം അതാണ്. ചുറ്റുമുള്ള അത്യാചാരങ്ങൾ അസ്വസ്ഥമാക്കുമ്പൊഴും പതറാതെ യാത്ര തുടരുന്നു. അങ്ങകലെ ദൂരത്തു കാണുന്ന, ആശ്വാസമേകുന്ന വെട്ടത്തിലേയ്ക്കാണ് ആ യാത്ര. ഒന്നാണ് നാമെന്ന ഔന്നത്യബോധമാണ് നമ്മെ നയിക്കുന്നത്. തളരാതെ, പതറാതെ പ്രയാണം തുടരാം. ലക്ഷ്യം അകലെയാണ്, എങ്കിലും അപ്രാപ്യമല്ല. ശ്രീ. ശ്രീധരന്റെ വാക്കുകൾ നമുക്ക് നൽകുന്ന ജീവിതത്തെപ്പറ്റിയുള്ള വിശ്വാസമാണ് ഈ സമാഹാരത്തിലെ കവിതകളുടെ കാതൽ.

വിശദമായ വിശകലനമർഹിക്കുന്നു ഇതിലെ കവിതയോരോന്നും. അതിനിടമില്ല, ഈ ചെറുകുറിപ്പിൽ. ചുരുക്കിപ്പറയാം- പഠിക്കാനും ചർച്ച ചെയ്യാനും ഏറെയുണ്ടീ കവിതകളിൽ. വളർച്ചയുടെ പടവുകൾ കയറുകയാണ് ശ്രീധരൻ എന്ന നമ്മുടെ പ്രിയകവി. സുഗന്ധമാർന്ന പൂക്കൾ കനത്ത് കായ്കളായി മാറുന്ന പ്രതീതിയുണ്ട് ഈ സമാഹാരത്തിലെ കവിതകളിലൂടെ കടന്നുപോകുമ്പോൾ. ഏറെ നമുക്കിനിയും പ്രതീക്ഷിക്കാം. അഭിനന്ദനങ്ങൾ!

---